# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

09.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 498

## കേരള കർഷക കടാശ്വാസ കമ്മീഷൻ ഉത്തരവിന് വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം കമ്മീഷൻ തീർപ്പു കൽപ്പിക്കുകയും അതു പ്രകാരം കമ്മീഷൻ നിശ്ചയിച്ച തുക സഹകരണ ബാങ്കുകളിൽ അടച്ചു തീർക്കുകയും ചെയ്തതിന് ശേഷവും, പല കാരണങ്ങൾ കാണിച്ച് വായ്പക്കാരുടെ പ്രമാണങ്ങൾ ബാങ്കുകൾ തിരിച്ചു നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് വിധേയമായി വായ്പക്കാരന്റെ വിഹിതം, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമായശേഷവും വായ്പക്കാരുടെ ഈട് പ്രമാണങ്ങൾ തിരിച്ച് നൽകാത്തത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ 2007 ലെ നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സഹകരണ ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് അനുസൃതമായി വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ ഈട് പ്രമാണങ്ങൾ തിരികെ നൽകണമെന്ന സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശത്തിനെതിരെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർക്കാറിനും ഈ വകുപ്പിനും നിവേദനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡ് റീഫിനാൻസ് പ്രകാരം പ്രവർത്തിക്കുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകൾ വായ്പാ ഈടായി സ്വീകരിച്ചിട്ടുള്ള പ്രമാണങ്ങൾ സർക്കാർ വിഹിതം കൂടി ലഭിച്ച ശേഷമേ തിരികെ നൽകാൻ കഴിയൂ |

എന്നതാണ് സംഘങ്ങളുടെ നിലപാട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭാവിയിലെന്തെങ്കിലും കടാശ്വാസം ലഭിച്ചാലും തിരിച്ചടവ് (മുതലും പലിശയും) പൂർണ്ണമായതിനു ശേഷമേ നബാർഡ് റീഫിനാൻസ് പ്രകാരമുള്ള വായ്പ വാങ്ങുന്നവർക്ക് പ്രമാണം തിരികെ ലഭിക്കൂ എന്ന കാര്യം അപേക്ഷകരെ ബോധ്യപ്പെടുത്തണമെന്നും ഇതിലേയ്ക്കായി വായ്പയ്ക്ക് കടാശ്വാസം ലഭിച്ചാലും തുക പൂർണ്ണമായും അടച്ച് തീരുന്നതുവരെ (സർക്കാർ വിഹിതവും കർഷകന്റെ വിഹിതവും ലഭിക്കുന്നതുവരെ) ഈട് പ്രമാണം തിരികെ ലഭിക്കുന്നതല്ലെന്ന് വായ്പാ വ്യവസ്ഥയിൽ പ്രത്യേകമായി ഉൾപ്പെടുത്തുവാൻ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് 19.11.2015 ലെ 32730/എജി2/2012/കൃഷി നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ